(ഡി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് സീനിയോറിറ്റിയോടുകൂടി പുതുക്കുന്നതിന് സർക്കാർ വിവിധ കാലയളവിൽ പ്രത്യേക പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും കാലാകാലങ്ങളിൽ സർക്കുലർ മുഖേന സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും കിട്ടുന്ന അപേക്ഷകളിൻമേൽ അതാത് ദിവസം തന്നെ നടപടി സ്വീകരിച്ച് സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകണമെന്നും, നിയമാനുസൃതം സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സൗജന്യ പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം സംസ്ഥാനതലത്തിലും, മേഖല തലത്തിലും ജില്ലാ തലത്തിലും എല്ലാ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും നിരന്തരം പ്രാദേശികമായി പരമാവധി പ്രചാരണം നൽകിയിട്ടുണ്ട്.

മരുന്നുക്ഷാമം

13 (*73) ശ്രീ. ഇ. പി. ജയരാജൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി ജീവൻരക്ഷാ മരുന്നുകൾക്ക് വിപണിയിൽ കൃത്രിമക്ഷാമം സൃഷ്ടിച്ച് കരിഞ്ചന്തയിൽ വിൽക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നോ എന്ന് അറിയിക്കാമോ ;

(ബി) മരുന്നുക്ഷാമം പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനമൊട്ടാകെ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാത്തതിന്റെയും നിലവിലുള്ളവയിൽ അവശ്യമരുന്നുകൾ പലതും ലഭ്യമാകാത്തതിന്റെയും കാരണം അറിയിക്കാമോ ;

(ഡി) മരുന്നുക്ഷാമത്തെക്കുറിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ ; എങ്കിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടിയുണ്ടായോ എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, 7-5-2014-ന് ടെൻഡർ ക്ഷണിച്ചതിൽ യോഗ്യത നേടിയ 166 ബിഡർമാരിലൂടെ 636 ഇനം മരുന്നുകൾക്കും വിതരണക്കാരെ ലഭിക്കുകയുണ്ടായി. ശേഷിക്കുന്ന 135 ഇനം മരുന്നുകൾക്ക് വിതരണക്കാരെ ലഭിച്ചിരുന്നില്ല. 14-5-2014-ന് അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചു. മുൻവർഷത്തിനെക്കാൾ 20% താഴെമാത്രം വിലവർദ്ധനവായിരുന്ന 403 ഇനം മരുന്നുകൾക്കുള്ള ഓർഡറുകൾ 16-5-2014-ൽ നൽകുകയുണ്ടായി. ശേഷിക്കുന്ന 233 ഇനങ്ങൾക്ക് നെഗോസിയേഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് മുൻ വർഷത്തതിനെക്കാൾ 20% ന് താഴെ വില കുറച്ചത് 7 ഇനങ്ങളായിരുന്നു. മറ്റുള്ളവയിൽ ഒന്നിൽ കൂടുതൽ ബിഡർമാരുള്ളതും കാരുണ്യാ ഫാർമസിയിലെ വിലയെക്കാൾ കുറഞ്ഞ വിലയുള്ളതുമായ ഇനങ്ങൾക്ക് ടെൻഡർ ചെയ്ത ക്വാണ്ടിറ്റിയുടെ 50% ഓർഡറുകൾ നൽകുകയും, ശേഷിക്കുന്നവയും, വിതരണക്കാരെ ലഭിക്കാത്തതുമായ മരുന്നുകളും ഉൾപ്പെടെ 306 ഇനം മരുന്നുകൾ റീ-ടെൻഡർ ചെയ്യുന്നതിനായി തീരുമാനിച്ചു. ഇപ്രകാരം സർക്കാർ ആശുപത്രികളിൽ ഏതെങ്കിലും അവശ്യമരുന്നിന് ക്ഷാമം അനുഭവപ്പെട്ടാൽ അവ കോർപ്പറേഷന്റെ മരുന്നുസംഭരണശാലകളിൽ ലഭ്യമല്ലാത്തപക്ഷം പ്രസ്തുത മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ വാങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന ജീവൻരക്ഷാ മരുന്നുകളും ഉപകരണങ്ങളും പരമാവധി വിപണനവിലയുടെ (എം.ആർ.പി)-യിൽ നിന്നും വളരെ വിലക്കുറവിൽ ലഭ്യമാണ്. നിലവിൽ സംസ്ഥാനത്ത് 30 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ അഞ്ച് കാരുണ്യ ഫാർമസികളുടെ പ്രവർത്തനം ഒരു മാസത്തിനുള്ളിൽ തന്നെ ആരംഭിക്കുന്നതാണ്.

(ഡി) ദുർലഭ്യമുള്ള മരുന്നുകളുടെ വിശദാംശങ്ങൾ വകുപ്പ് ശേഖരിച്ച് കേന്ദ്ര സർക്കാരിനു കീഴിലുള്ള National Pharmaceuticals Pricing Authority-യെ അറിയിക്കുകയും പ്രസ്തുത മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ National Pharmaceuticals Pricing Authority സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly